# വെളിപ്പാടുപുസ്തക പഠനം -6

# വെളിപ്പാടുപുസ്തകം: വായിക്കുന്നവനും കേൾക്കുന്നവനും പ്രമാണിക്കുന്നവനും ഭാഗ്യവാൻ


## പാസ്റ്റർ സി.വി. ആൻഡ്രൂസ്


**വാക്യം മൂന്ന് ''ഈ പ്രവചനത്തിന്റെ വാക്കുകളെ വായിച്ചു കേൾപ്പിക്കുന്നവനും കേൾക്കുന്നവരും അതിൽ എഴുതിയിരിക്കുന്നത് പ്രമാണിക്കുന്നവരും ഭാഗ്യവാന്മാർ. സമയം അടുത്തിരിക്കുന്നു''. (വെളിപ്പാട് 1:3).**

വെളിപ്പാടുപുസ്തകം ഒരു പ്രവചന ഗ്രന്ഥമാണെന്ന് ഇവിടെയും അവസാന അധ്യായത്തിൽ നാലുപ്രാവശ്യവും പറഞ്ഞിരിക്കുന്നു. (വാക്യം 22/7, 22/10, 22/18, 22/19). വരുവാനുള്ള കാര്യങ്ങളെ വെളിപ്പെടുത്തുന്ന ഈ പുസ്തകം സകല പ്രവചനങ്ങളുടെയും നിവൃത്തിയത്രെ. കർത്താവിന്റെ വീണ്ടും വരവിനെ പ്രതീക്ഷിച്ചുകൊണ്ട് ഈ ഗ്രന്ഥം പ്രവചനങ്ങളുടെ അന്തിമഭാഗത്ത് നിൽക്കുന്നു. ദാനിയേൽ പ്രവചനവും വെളിപ്പാട് പുസ്തകവും അന്ത്യകാലത്തേക്കുള്ള പ്രവചനങ്ങളാകയാൽ അവയെ ഒരുമിച്ചു ചേർത്ത് പഠിക്കേണ്ടതുണ്ട്. കർത്താവന്റെ വരവ് ഏറ്റവും അടുത്തിരിക്കുന്ന ഈ അന്ത്യകാലത്ത് നമുക്ക് മനസ്സിലാക്കുവാനുള്ള അനേകമർമ്മങ്ങൾ ഇതിൽ ഉള്ളടങ്ങിയിട്ടുണ്ട്. പരിശുദ്ധാത്മ സഹായത്തോടെ പഠിക്കുകയാണെങ്കിൽ അവയിലെ സത്യങ്ങൾ നമുക്ക് പ്രകാശിച്ചുകൊണ്ടിരിക്കും. എന്നാൽ നമ്മുടെ ശ്രദ്ധയെ ഈ പുസ്തകത്തിൽനിന്ന് അകറ്റിക്കളയുവാൻ സാത്താൻ വലിയ തന്ത്രങ്ങൾ പ്രയോഗിക്കും. കാരണം സാത്താന്റെ അന്ത്യന്യായവിധിയെക്കുറിച്ച് വ്യക്തമായി പ്രസ്താവിക്കുന്ന പുസ്തകമാണ് വെളിപ്പാട് പുസ്തകം. കൂടാതെ, സാത്താന്റെ തന്ത്രങ്ങളെ വെളിപ്പെടുത്തുന്ന പുസ്തകമാണ് ഉൽപ്പത്തി പുസ്തകം. ഈ രണ്ട് പുസ്തകങ്ങളോടു സാത്താന്ന് വലിയ എതിർപ്പാണ്. ഉൽപ്പത്തി പുസ്തകം കെട്ടുകഥയാണെന്നും വെളിപ്പാടു പുസ്തകം ശരിയല്ലെന്നും പറഞ്ഞ് സാത്താൻ ചിലരെ കൈയിലെടുത്ത് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുവാൻ ശ്രമിക്കുന്നുണ്ട്. ദൈവത്തിന്റെ വചനം നിലനിൽക്കുന്നതാകയാൽ ഇതിനെ ആർക്കും എതിർക്കാൻ സാധ്യമല്ല.

വായിച്ചു കേൾപ്പിക്കുന്നവും കേൾക്കുന്നവനും പ്രമാണിക്കുന്നവനും സൗഭാഗ്യം വാഗ്ദാനം ചെയ്തുകൊണ്ടാണ് ഈ പുസ്തകം തുടങ്ങുന്നത്. ഭാഗ്യകരമായ പ്രത്യാശയിൽ പങ്കാളിയായിത്തീരുവാൻ പാലിക്കേണ്ട പ്രമാണങ്ങൾ വെളിപ്പെടുത്തുന്ന അവസാന പുസ്തകമായതിനാലാണ് വായനക്കാർക്ക് പ്രത്യേകം ഭാഗ്യം ആശംസിച്ചിരിക്കുന്നത്. വായിച്ചുകേൾപ്പിക്കുക എന്നു പറഞ്ഞാൽ ഉച്ചത്തിൽ വായിച്ചു കേൾപ്പിക്കുക എന്നാണർത്ഥം. ദൈവവചനം എല്ലാവർക്കും ലഭിക്കാതിരുന്ന ആ നാളുകളിൽ ഇത് വായിച്ചുകേൾപ്പിക്കേണ്ടത് ആവശ്യമായിരുന്നു. സഭാ മധ്യേ ദൈവവചനം പരസ്യമായി വായിച്ചുകേൾപ്പിക്കുന്നത് യഹൂദന്മാരുടെ പതിവായിരുന്നു. (1തിമോത്തി 4/13, ലൂക്ക് 4/16, അപ്പ.പ്രവൃത്തി 13/15, കൊലൊസ്യർ 4/16, 1 തെസലോനിക്ക 5/27 എന്നീ വാക്യങ്ങൾ കാണുക)

പ്രവാചകനും പ്രവചനത്തിനും പുതിയനിയമസഭയിൽ ഗണനീയമായ സ്ഥാനമുള്ളതായി തിരുവെഴുത്തുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു. അപ്പ.പ്രവൃത്തി

13/1, 1കൊരി.12/28, 1കൊരി 14/1,3,5. പ്രവചനം വരമായിട്ട് തിരുവചനത്തിൽ കാണുന്നു. ദൈവവചനത്തിന്റെ സന്ദേശം അറിയിക്കുവാൻ ദൈവം താൽപര്യപ്പെടുമ്പോൾ അതിനായി ദൈവം ഒരു വ്യക്തിയെ തെരഞ്ഞെടുക്കുന്നു. ദൈവാത്മാവ് അവന്റെ നാവിൽ നൽകുന്ന കാര്യങ്ങൾ അവൻ പ്രസ്താവിക്കുന്നു. ആ വ്യക്തിയുടെ സ്വന്ത ഭാഷയിലായിരിക്കും ആ വ്യക്തി സംസാരിക്കുന്നത്. ഏതൊരു വ്യക്തിയോടോ കൂട്ടത്തോടോ സംസാരിക്കുമോ ആ വ്യക്തിക്കും കൂട്ടത്തിനും മനസ്സിലാകുന്ന ഭാഷയിലാണ് സംസാരിക്കുന്നത്. അത് പ്രബോധനത്തിനോ ആശ്വാസത്തിനോ ശാസനത്തിനോ ഉള്ള ഒരു പ്രസ്താവനയോ ഭാവിയെ സംബന്ധിച്ചുള്ള ഒരു പ്രസ്താവനയോ ആകാം. പ്രവചനവരം പ്രധാനമായി മൂന്നുകൂട്ടം കാര്യങ്ങൾക്കായി ഉപയോഗിക്കുന്നു; ഭാവികാര്യങ്ങൾ പ്രസ്താവിക്കുന്നതിനും ഒരു ശുശ്രൂഷ ഭരമേൽപ്പിക്കുന്നതിനും പ്രബോധനത്തിനും ആശ്വാസത്തിനും.

അപ്പ.പ്രവൃത്തി 11/28 ൽ അഗബോസ് എന്നൊരുവൻ അന്ത്യോക്യയിൽചെന്ന് ലോകത്തിലൊക്കെയും മഹാക്ഷാമം ഉൺടാകുമെന്ന് പ്രവചിച്ചു. അത് സംഭവിച്ചു. പിന്നെയും അഗബോസ് തന്നെ പൗലോസിനെ യെരൂശലേമിൽവച്ച് ബന്ധിക്കുമെന്ന് പ്രവചിച്ചു അപ്പ.പ്രവൃത്തി 21/11. അതും സംഭവിച്ചു. ഈ വിധം ഭാവിയിൽ സംഭവിക്കുവാൻ പോകുന്ന കാര്യങ്ങളെപ്പറ്റി ജനത്തെ മുൻകൂട്ടി അറിയിക്കുവാൻ പ്രവചനവരം ഉപയോഗിക്കുന്നു. തിമോത്തിയെ ദൈവിക ശുശ്രൂഷയ്ക്കായി വേർതിരിക്കുവാൻ വേൺടി സഭയിലെ മൂപ്പന്മാർ അവന്റെമേൽ കൈവച്ച് പ്രാർത്ഥിക്കുകയിൽ ദൈവം അവനെ ഏൽപ്പിക്കുന്ന ശുശ്രൂഷയും ഉത്തരവാദിത്വത്തെയും പറ്റി പ്രവചനത്തിലൂടെ ദൈവം അവനെ അറിയിച്ചു. 1തിമോത്തി 4/14ൽ ‘‘മൂപ്പന്മാരുടെ കൈവയ്പ്പോടുകൂടി പ്രവചനങ്ങളാൽ നിനക്ക് ലഭിച്ചതായി നിന്നിലുള്ള കൃപാവരം ഉപേക്ഷയായി വിചാരിക്കരുത്’’ എന്ന് പൗലോസ് പ്രബോധിപ്പിക്കുന്നു. ഒരു ശുശ്രൂഷ ഭരമേൽപ്പിക്കുന്നതിന് പ്രവചനവരത്തെ ഉപയോഗിക്കുന്നു. 1കൊരി 14/3ിൽ ‘‘പ്രവചിക്കുന്നവനോ ആത്മീയ വർദ്ധനയ്ക്കും പ്രബോധനത്തിനും ആശ്വാസത്തിനുമായി മനുഷ്യരോടു സംസാരിക്കുന്നു’’. ആകയാൽ പ്രബോധനത്തിനും ആശ്വാസത്തിനുമായി പ്രവചനവരത്തെ ദൈവം ഉപയോഗിക്കുന്നുവെന്ന് കാണാം. എന്നാൽ, വെളിപ്പാടുപുസ്തക പ്രവചനം അതൊരു വരമല്ല, പിന്നെയോ ദൈവത്തിന്റെ വചനമാണ്. ‘‘പ്രവചനത്തെ ഇരുൺടസ്ഥലത്ത് പ്രകാശിക്കന്ന വിളക്ക്’’ എന്ന് 2 പത്രോസ് 1/19ൽ വിളിച്ചിരിക്കുന്നു. ഈ പ്രവചനം അതുപോലെയുള്ള ഒരു വിളക്കാണ്. ഇത് പുതിയനിയമത്തിലെ ഏക പ്രവചനഗ്രന്ഥവുമാണ്.

വെളിപ്പാട് 22/10ൽ ‘‘ഇത് വായിച്ചുകേൾപ്പിക്കുന്നവും കേൾക്കുന്നവരും അതിൽ എഴുതിയിരിക്കുന്നത് പ്രമാണിക്കുന്നവരും ഭാഗ്യവാന്മാർ’’ എന്ന് പറഞ്ഞിരിക്കുന്നു. പ്രവചനത്തിലെ വാക്കുകളെ അനുസരിക്കുന്നതിലൂടെ മാത്രമേ ആ ഭാഗ്യകരമായ അവസ്ഥ നമുക്ക് ഉറപ്പാക്കുവാനാവൂ. കാര്യങ്ങൾ അറിയുവാനും അനുസരിക്കുവാനുമാണ് വായിക്കുന്നത്. വായിക്കാൻ അറിയാത്തവർക്കും കേൾക്കുന്നതിലൂടെ അനുസരിക്കുവാൻ സാധിക്കുന്നു. ഇപ്രകാരം വായിക്കുവാൻ അറിയാവുന്നവുരം അറിയാത്തവരും അനുസരിക്കുന്നതിലൂടെ ഭാഗ്യവാന്മാരാകുന്നു. വായിക്കുന്നവനും കേൾക്കുന്നവരും ഭാഗ്യവാന്മാരാകുന്നത് അവർക്ക് അനുസരിക്കുവാൻ കഴിയുന്നതുകൊൺടാണ് എന്നത് മറന്നുകളയരുത്. വായിച്ചും കേട്ടും അറിയുന്ന കാര്യം അനുസരിക്കുന്നില്ല എങ്കിൽ അതുകൊൺട് തങ്ങളുടെ ഭാഗ്യത്തിന് യാതൊരു ഉറപ്പുമില്ലെന്ന് ഓർത്തുകൊള്ളണം.

# ഭാഗ്യവാന്മാർ

ഈ പുസ്തകത്തിൽ ചിതറപ്പെട്ടുകിടക്കുന്ന ഭാഗ്യവർണ്ണനകളിൽ ആദ്യത്തേതാണിത്. വെളിപ്പാടു പുസ്തകത്തിൽ ഏഴുപ്രാവശ്യം ഭാഗ്യവാന്മാർ എന്ന പദം ഉപയോഗിച്ചിരിക്കുന്നു.

1. വെളിപ്പാട് 1/3 – ഇത് വായിച്ചു കേൾപ്പിക്കുന്നവും കേൾക്കുന്നവരും പ്രമാണിക്കുന്നവരും ഭാഗ്യവാന്മാർ.

2. വെളിപ്പാട് 14/13 കർത്താവിൽ മരിക്കുന്നവർ ഭാഗ്യവാന്മാർ

3. വെളിപ്പാട് 16/15 തന്റെ ഉടുപ്പു സൂക്ഷിച്ചും ജാഗരിച്ചുംകൊള്ളുന്നവൻ ഭാഗ്യവാൻ

4. വെളിപ്പാട് 19/9 കുഞ്ഞാടിന്റെ കല്യാണസദ്യയ്ക്ക് ക്ഷണിക്കപ്പെട്ടവർ ഭാഗ്യവാന്മാർ

5. വെളിപ്പാട് 20/6 ഒന്നാമത്തെ പുനരുദ്ധാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാൻ

6. വെളിപ്പാട് 22/7 ഈ പ്രവചനം പ്രമാണിക്കുന്നവൻ ഭാഗ്യവാൻ

7. വെളിപ്പാട് 22/14 ജീവന്റെ വൃക്ഷത്തിൽ തങ്ങൾക്കും അധികാരമുൺടാകേൺടതിന് ഗോപുരങ്ങളിൽകൂടി നഗരത്തിൽ കടക്കേൺടതിന് തങ്ങളുടെ വസ്ത്രം അലക്കുന്നവർ ഭാഗ്യവാന്മാർ.

ഭാവി സംഭവങ്ങളെ ദർശനങ്ങളായി നൽകുന്ന പതിവ് മുൻകാലങ്ങളിൽ ഉൺടായിരുന്നു. ദാനിയേൽ ദർശിച്ച മഹാമൃഗങ്ങൾ (ദാനിയേൽ 7/1–16, 8/1–10), നെബുക്കദ്നേസർ കൺട സ്വർണ്ണബിംബം ദാനിയേൽ രൺടാം അധ്യായം എന്നിവ അതിനൊരു ഉദാഹരണമാണ്.

വെളിപ്പാട് പുസ്തകം 1/3–ാം വാക്യവും 22/7–ാം വാക്യവും കൊൺട് ഈ ഗ്രന്ഥത്തിന്റെ മുമ്പും പിമ്പും വേലികെട്ടി സുരക്ഷിതമാക്കിയിരിക്കുന്നു. വായിച്ചുകേൾപ്പിക്കുന്നവർ, കേൾക്കുന്നവർ, പ്രമാണിക്കുന്നവർ ഭാഗ്യവാന്മാർ എന്നിങ്ങനെ ആ തിരുവെഴുത്തുകളുടെ ഗൗരവം വെളിവാക്കിയിരിക്കുന്നു.

സമയം അടുത്തിരിക്കുന്നു. നമ്മുടെ കർത്താവിന്റെ പുനരാഗമനത്തിനും തുടർന്നുള്ള സംഭവങ്ങൾക്കും സമയം ആസന്നമായിരിക്കുന്നു. ''ചിലർ താമസം എന്ന് വിചാരിക്കുന്നതുപോലെ കർത്താവു തന്റെ വാഗ്ദത്തം നിവർത്തിക്കുവാൻ താമസിക്കുന്നില്ല'' (2 പത്രോസ് 3/9) അവൻ അടുക്കൽ വാതിൽക്കൽതന്നെ ആയിരിക്കുന്നു. പ്രാണപ്രിയന്റെ മുഖം കാണുവാൻ സമയം അടുത്തിരിക്കുന്നു. 'സമയം' എന്നതിന് യുഗാന്ത്യശാസ്ത്ര വെളിച്ചത്തിൽ 'നിർണ്ണായകസമയം' എന്നാണർത്ഥം. (മത്തായി 8/29, മർക്കോസ് 13/34–37, അപ്പ.പ്രവൃത്തി 1/7, 1തെസലോനിക്ക 5/1).

യോഹന്നാൻ തന്റെ ദർശനത്തിൽ കൺട കാര്യങ്ങൾ നിവർത്തിക്കുവാനുള്ള സമയം അടുത്തിരിക്കുന്നു എന്നതാണ് ഈ വാചകത്തിന്റെ അർത്ഥം.